LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് റൂറൽ ഇന്റലിജൻസ്, സ്പെഷ്യൽ ബ്രാഞ്ച് വിഭാഗം

182 (4517) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് റൂറൽ ജില്ലയിൽ ഇന്റലിജൻസ്, സ്പെഷൽ ബ്രാഞ്ച് വിഭാഗങ്ങളിൽ അഞ്ച് വർഷത്തിലധികമായി ജോലി ചെയ്യുവരുന്ന പോലീസ് ഉദ്യോഗസ്ഥരുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ഈ തസ്തികകളിൽ മാത്രമായി ഇവരെ നിലനിർത്തിയതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. എസ്.ബി.സി.ഐ.ഡി. (ഇന്റലിജൻസ്) കോഴിക്കോട് റൂറൽ ആഫീസിൽ താഴെപ്പറയുന്ന 3 പേർ അഞ്ച് വർഷത്തിലധികമായി ജോലി ചെയ്യുവരുന്നുണ്ട്.

1. ശ്രീ. ചന്ദ്രൻ കെ. - 26-3-2007 മുതൽ സബ്ബ് ഇൻസ്പെക്ടർ (SN) D 4465
2. ശ്രീ. സതീശൻ എൻ. കെ. - 31-5-2008 മുതൽ സി.പി.ഒ. (D6607)
3. ശ്രീ. ശിവദാസൻ സി. സി. - 13-6-1997 മുതൽ സബ് ഇൻസ്പെക്ടർ (SN) D 4433

കോഴിക്കോട് റൂറൽ ജില്ലയുടെ കീഴിലുള്ള സ്പെഷ്യൽ ബ്രാഞ്ചിൽ 5 വർഷത്തിൽ അധികമായി ജോലി ചെയ്യുവരുന്ന ഉദ്യോഗസ്ഥർ ഇല്ല.

(ബി) രഹസ്യാന്വേഷണത്തിൽ മികച്ച പ്രവർത്തനം നടത്തുന്നതിനാലാണ് ഇവരെ ഇവിടെ നിലനിർത്തിയിരിക്കുന്നത്.

വിജിലൻസ് കേസുകൾ പിൻവലിക്കൽ

183 (4518) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസ് കേസുകൾ പിൻവലിക്കുന്നത് സംബന്ധിച്ച നയം വെളിപ്പെടുത്താമോ ;

(ബി) വിജിലൻസ് അന്വേഷണം നടത്തി കോടതിയിൽ കുറ്റപത്രം സമർപ്പിച്ച കേസുകൾ സർക്കാർ പിൻവലിക്കുകയുണ്ടായോ ; പ്രോസിക്യൂഷൻ ഘട്ടത്തിലുള്ളവയും പിൻവലിക്കുകയുണ്ടായോ ;

(സി) ഈ സർക്കാർ പിൻവലിച്ച കേസുകൾ ഏതൊക്കെ ; പ്രതികൾ ആരൊക്കെയായിരുന്നു ; അന്വേഷണം നടത്തി ഇടർ നടപടി ആവസാനിപ്പിച്ചവ എത്ര ; ഏതൊക്കെ ;

(ഡി) പ്രസ്തുത കേസുകൾ പിൻവലിക്കുന്നതിന് നിയമോപദേശം വാങ്ങിയത് ആരിൽ നിന്നെല്ലാമായിരുന്നു ;

(ഇ) സർക്കാർ പിൻവലിക്കാൻ ഉത്തരവിട്ട ഏതെങ്കിലും കേസ്, കോടതി ഇടപെട്ട് തടയുകയുണ്ടായിട്ടുണ്ടോ ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കോടതിയിൽ ദീർഘകാലമായി നിലനിൽക്കുന്ന കേസുകളിൽ ചുമത്തപ്പെട്ട കുറ്റങ്ങൾ തെളിയിക്കാൻ ആവശ്യമായ പ്രാഥമിക തെളിവുകളുടെ അഭാവം കൊണ്ട് അത്തരം കേസുകളുടെ വിചാരണ നടത്തുന്നത് കോടതിയുടെ സമയവും അതുപോലെ കേസുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും പൊതുജനങ്ങളുടെയും വിലപ്പെട്ട സമയവും വൃഥാ പാഴാക്കപ്പെടുന്നതായ സാഹചര്യത്തിലും, കുറ്റാരോപിതൻ ആരോപിക്കപ്പെട്ട കുറ്റം ചെയ്യാൻ ഇടയില്ലാത്ത സാഹചര്യവും നിലനില്ക്കുന്നതായി ഉത്തമ ബോദ്ധ്യം ഉണ്ടായാൽ പൊതുജന താല്പര്യം കണക്കിലെടുത്ത് സർക്കാരിന് നഷ്ടമുണ്ടായിട്ടുള്ള കേസുകളിൽ നഷ്ടം ഈടാക്കാൻ മറ്റു നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം പ്രസ്തുത കേസ് കോടതിയിൽ നിന്നും പിൻവലിക്കാൻ ആവശ്യമായ അനുമതിക്കായി ബന്ധപ്പെട്ട കോടതിയെ സമീപിക്കാൻ കേസുകളുടെ ചുമതലയുള്ള പബ്ളിക് പ്രോസിക്യൂട്ടർക്ക് നിർദ്ദേശം നൽകുകയാണ് സർക്കാർ സ്വീകരിക്കുന്ന നടപടി.

(ബി) വിജിലൻസ് അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ച് പ്രോസിക്യൂഷൻ ഘട്ടത്തിലുള്ള നാല് വിജിലൻസ് കേസുകൾ പിൻവലിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ പിൻവലിച്ച കേസുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

1. വി. സി. 03/1997/കെ.എസ്.ഡി.

ശ്രീ. സുന്ദർ സിംഗ്രം മറ്റ് രണ്ട് പേരും 1997-ൽ (കൃഷി ഓഫീസർ, ഗൗളിമുഖ, കാസർകോഡ് ജില്ല) 75,000 രൂപ ദുർവിനിയോഗം ചെയ്തതായ ആരോപണത്തിന്മേൽ രജിസ്റ്റർ ചെയ്ത കേസ്. പ്രതിയെ കണ്ടെത്താൻ കഴിയാത്തതുകൊണ്ടും മറ്റ് പ്രതികളെ കുറ്റവിമുക്തരാക്കിയതിനാലും 18-1-2014-ലെ ജി.ഒ.(ആർ.റ്റി.) 11/2014/വിജി. നമ്പർ സർക്കാർ ഉത്തരവു പ്രകാരം കേസ് പിൻവലിക്കാൻ ഉത്തരവ് ആകുകയും 17-4-2014-ന് കോഴിക്കോട് കോടതി അത് അംഗീകരി ക്കുകയും ചെയ്തു.

2. വി.സി.01/2001/എ.എൽ .പി.

ശ്രീ. കെ. കെ. ശശിധരൻ (മുൻ ഡയറക്ടർ, സംസ്ഥാന ജലഗതാഗത വകുപ്പ്), ശ്രീ. കെ. ബാബു (എഞ്ചിനീയർ), ശ്രീ. സി. എസ്. സുകമാരപ്പണിക്കർ (കോൺട്രാക്ടർ), ശ്രീ. ആർ. ചന്ദ്രശേഖരൻ നായർ (ഫിനാൻഷ്യൽ അസിസ്റ്റന്റ്) എന്നിവർ 1997-1998 കാലഘട്ടത്തിൽ 1,15,907 രൂപ ജലഗതാഗത വകുപ്പിന് നഷ്ടമുണ്ടാക്കിയ ആരോപണത്തിന്മേലുള്ള കേസ് 30-3-2012-ലെ ജി.ഒ.(എംഎസ്.) നമ്പർ 13/2012/വിജി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പിൻവലിക്കാൻ ഉത്തരവാകുകയും 31-3-2014-ന് കോട്ടയം കോടതി അംഗീകരിക്കുകയും ചെയ്തു.

3. വി.സി.06/2009/സി.ആർ.ഇ.

4. വി.സി.07/2009/സി.ആർ.ഇ.

ശ്രീ. ജി. മോഹൻദാസ് (മുൻ മാനേജിംഗ് ഡയറക്ടർ, എറണാകുളം വെയർഹൗസിംഗ് കോർപ്പറേഷൻ) 2005-06 കാലയളവിൽ മാസശമ്പളാടിസ്ഥാനത്തിൽ നടത്തിയ അനധികൃത നിയമനങ്ങളുമായി ബന്ധപ്പെട്ട കേസ് 20-6-2012-ലെ 31/2012/വിജി. എന്ന സർക്കാർ ഉത്തരവ് പ്രകാരം 25-9-2012-ൽ തൃശ്ശൂർ വിജിലൻസ് കോടതി പിൻവലിച്ചു.

(ഡി) അഡീഷണൽ പ്രോസിക്യൂഷൻ ഡയറക്ടറുടെ (വിജിലൻസ്) നിയമോപദേശമാണ് തേടിയത്.

(ഇ) വി.സി.01/1997/എസ്.സി.റ്റി. നമ്പർ വിജിലൻസ് കേസിൽ (പാമോലിൻ കേസ്) അന്വേഷണം പിൻവലിക്കാൻ സർക്കാർ ഉത്തരവിട്ടിരുന്നു. എന്നാൽ തൃശ്ശൂർ വിജിലൻസ് കോടതി പുറപ്പെടുവിച്ച ഉത്തരവിന്മേൽ കേസ് പിൻവലിക്കാൻ അനുവദിച്ചില്ല. പ്രോസിക്യൂഷൻ നടപടികൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly